KUTTIPPURAM Sub dist.

# Silent Bells

ഫസ്റ്റ്ബെൽ – അനുബന്ധ പഠനസഹായകസാമഗ്രി

PLAY

| Class: X | Subject: Malayalam AT | Date: 19-11-20 | Worksheet No: 17 |
|---|---|---|---|

**Lesson & LO: പ്രിയദർശനം**

1. "കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
ദിഷ്ടമീ വടിവിയന്നു വന്നപോൽ "
- ഇതിൽ ഹാ! എന്ന വ്യാക്ഷേപക ശബ്ദത്തിൽ തെളിയുന്ന ഭാവമെന്ത്?

2. "പ്രാണനോടുമൊരുനാൾ ഭവൽപദം..............പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ "
- നളിനി പ്രാണിയെന്ന് സ്വയം വിശേഷിപ്പിച്ചതിന്റെ സാംഗത്യമെന്താവാം?

3."നിങ്ങൾ ഒരു കാര്യം തീവ്രമായി ആഗ്രഹിച്ചാൽ അത് നിങ്ങൾക്ക് നേടിത്തരാൻ ഈ പ്രപഞ്ചം മുഴുവൻ ഗൂഢാലോചനത്തും"(ആൽക്കെമിസ്റ്റ് - പൗലോ കൊയ്‌ലോ)
- സമാന ആശയമുള്ള വരികൾ 'പ്രിയദർശനം' എന്ന കവിതയിൽ നിന്നും കണ്ടെത്തിയെഴുതുക.

4. "ഏവമോതിയിടരാർന്നു കണ്ണുനീർ
തൂവിനാൾ മൊഴി കുഴങ്ങി നിന്നവൾ"
-മൊഴി കുഴങ്ങി നിന്നവൾ എന്ന പ്രയോഗത്തിന്റെ ഔചിത്യം പരിശോധിക്കുക.

5. ധീരനായ യതി നോക്കി തന്വിതൻ
ഭൂരിബാഷ്പപരിപാടലം മുഖം
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർസുമോ- പമം. - ചമത്ക്കാരഭംഗി വിശദ്മാക്കുക.

6. "സമാഗമങ്ങൾ പലപ്പോഴും ആനന്ദക്കണ്ണിരിന്റേതു കൂടിയാണ്"- 'ഋതുയോഗ'ത്തിലെ ദുഷ്യന്തന്റെയും ശകുന്തളയുടേയും, 'പ്രിയദർശന'ത്തിലെ നളിനിയുടേയും ദിവാകരന്റെയും കൂടിക്കാഴ്ചയുടെ പശ്ചാത്തലത്തിൽ മേൽ പറഞ്ഞ പ്രസ്താവന പരിശോധിച്ച് കുറിപ്പ് തയാറാക്കുക.